

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail : mailkeraleeyam@gmail.com

## വ്യാജ പരിസ്ഥിതിവാദവും വ്യാജ കമ്മ്യൂണിസവും

**ടെൻഡർ** കൂടാതെ ഐ.ആർ.ഇ സ്വകാര്യ കമ്പനിക്കു കരിമണൽ വിറ്റ അഴിമതിക്കേസിൽ സി.ബി.ഐ അന്വേഷണം നേരിടുന്ന സി.എം.ആർ.എൽ (കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടെയിൽ ലിമിറ്റഡ്) കമ്പനിയുടെ മുതലാളിമാരിൽ ഒരാളെ അനുമോദിക്കാൻ ചേർന്ന ചടങ്ങിൽ പങ്കെടുത്ത്, പരിസ്ഥിതി പ്രവർത്തകരെ വ്യാജരെന്നു വിശേഷിപ്പിച്ചുകൊണ്ട് വി. എസ്. അച്യുതാനന്ദൻ അദ്ദേഹത്തിന്റെ യഥാർഥ മുഖം വെളിപ്പെടുത്തിയിരിക്കുന്നു.

പ്ലാച്ചിമടയിലും കൊല്ലം വെളിച്ചിക്കാലായിലും സമരം നടത്തിയിരുന്നവരെ പ്രതിപക്ഷത്തായിരുന്നപ്പോൾ സന്ദർശിച്ചു മാധ്യമശ്രദ്ധ നേടിയ അച്യുതാനന്ദൻ മുഖ്യമന്ത്രിയായപ്പോൾ തന്നെ സന്ദർശിച്ച പ്രസ്തുത സമരഭടൻമാരോട് അവിടെ എന്താണു വിഷയമെന്നു ചോദിച്ചു പരിഹസിക്കുകയായിരുന്നു. ജലവിഭവ വകുപ്പിന്റെ മുൻകൈയിൽ പ്ലാച്ചിമട നഷ്ടപരിഹാര ബിൽ തയാറാക്കിയപ്പോൾ അത്, അവസാനിക്കാൻ പോകുന്ന നിയമസഭയിൽ അവതരിപ്പിക്കാനായി ക്യാബിനറ്റിന്റെ പരിഗണനയ്ക്കെടുക്കാൻ മടിച്ചയാളാണ് വി.എസ്. പ്ലാച്ചിമട ഉന്നതാധികാര സമിതി അംഗം എന്ന നിലയിൽ കോടതിയെ സമീപിക്കുമെന്നു ഞാൻ മാധ്യമങ്ങളിലൂടെ അറിയിച്ചശേഷമാണ് അജൻഡയ്ക്കു പുറത്തുള്ള വിഷയമായി ബിൽ ക്യാബിനറ്റിൽ പരിഗണിച്ചത്. നിയമസഭ പാസാക്കിയ ഈ നിയമം പ്രസിഡന്റിന്റെ അനുമതി നൽകാതെ തടഞ്ഞുവച്ചിട്ട് ഒരു വർഷത്തിലേറെ ആയിട്ടും പ്രതിപക്ഷ നേതാവ് ഈ വിഷയം നിയമസഭയിൽ ഉയർത്തുകപോലും ചെയ്തിട്ടില്ല.

എൻഡോസൾഫാൻ വിഷയത്തിലും ഈ വ്യാജ പരിസ്ഥിതി സ്നേഹം വ്യക്തമായിരുന്നു. എൻഡോസൾഫാൻ വിഷയത്തിനും അതുണ്ടാക്കുന്ന കമ്പനികൾക്കും എതിരേ ഡി.വൈ.എഫ്.ഐ ഉൾപ്പെടെയുള്ള സംഘടനകൾ സമരം നടത്തിക്കൊണ്ടിരിക്കുമ്പോഴാണു ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് ലിമിറ്റഡിലെ ഒരു മുൻ ഉദ്യോഗസ്ഥനെയാണ് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന അച്യുതാനന്ദൻ അദ്ദേഹത്തിൻറെ കീഴിലുള്ള ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ മേധാവിയായി നിയമിച്ചത്. മുഖ്യമന്ത്രി - പ്രതിപക്ഷ നേതാവ് സ്ഥാനങ്ങൾ വർഷങ്ങളായി സ്വന്തം പാർട്ടിയുടെ പേരിൽ തുടരുമ്പോഴും ആ പാർട്ടിയെ ആക്രമിച്ചു നേടിയ മാധ്യമ പ്രതിച്ഛായയിൽ ഒരു വ്യാജ കമ്യൂണിസ്റ്റിന് ഒളിക്കാനാകില്ല.

**എസ്. ഫെയ്സി, തിരുവനന്തപുരം**

## അട്ടപ്പാടി: സോഷ്യൽ ഓഡിറ്റിംഗ് നടത്തുക

**745** ച.കി.മീ. ഭൂവിസ്തൃതിയിൽ പരിസ്ഥിതി പുനഃസ്ഥാപനവും ഏറ്റവും പുതിയ കണക്കനുസരിച്ച് ഇരുപത്തിയേഴായിരത്തിൽ താഴെ ജനസംഖ്യ വരുന്ന ആദിവാസി സമൂഹത്തിന്റെ സുസ്ഥിര ജാവനോപാധികളുടെ വികസനവും ലക്ഷ്യമാക്കി 176 കോടി രൂപ 12.6% പപലിശ നിരക്കിൽ ജപ്പാനിൽ നിന്ന് വായ്പയും സംസ്ഥാന സർക്കാരിന്റെ 48 കോടി രൂപയും ചേർന്ന് 219 കോടി രൂപ ചെലവഴിച്ച് അഹാഡ്സ് നടപ്പാക്കിയ അട്ടപ്പാടി പദ്ധതി ഫലത്തിൽ ആദിവാസികളുടെ ഗോത്ര സംസ്കൃതിയെയും പരമ്പരാഗത ജീവനോപാധികളെയും ഊർജ്ജസ്വലമായിരുന്ന കാർഷിക സമ്പദ് വ്യവസ്ഥയെയും തകർത്ത് ആദിവാസികളെ കൂലിപ്പണിക്കാരുടെ അവസ്ഥയിലേക്ക് വലിച്ചെറിയുകയും നൂറിൽപ്പരം കരിങ്കൽ ക്വാറികളും മണലൂറ്റു കേന്ദ്രങ്ങളും വഴി പരിസ്ഥിതിക്ക് ഗുരുതരമായി പരിക്കേൽപ്പിക്കുകുയും ചെയ്ത, കേരളം കണ്ട കഴിഞ്ഞ ദശകത്തിലെ ഏറ്റവും വലിയ വെള്ളാന പദ്ധതിയായിരുന്നു. കൂലിയെഴുത്തുകാർ മറിച്ചെന്ത് പ്രചരിപ്പിക്കാൻ ശ്രമിച്ചാലും സമൂഹത്തെയാകെ കടബാദ്ധ്യതയിലാക്കി നടത്തപ്പെടുന്ന വികസന കോമാളിത്തങ്ങളെ എക്കാലവും കണ്ട് കയ്യുംതെട്ടി നോക്കിയിരിക്കാൻ മനസ്സാക്ഷിയുള്ളവർക്ക് കഴിയില്ല. വികസനാനന്തര ഘട്ടത്തിലേക്കുള്ള ഋതുപ്പകർച്ചയുടെ കാലമാണിത് എന്ന് ലേഖകൻ നിർവ്വചിക്കുന്നു. രാഷ്ട്രീയാധികാര വ്യവസ്ഥയെ തിരിച്ചുവിളിക്കാൻഡ കഴിയുന്ന പൗര സമൂഹരൂപീകരണത്തിനായി ഏവരെയും ക്ഷണിച്ചുകൊണ്ട് അദ്ദേഹം മുത്തങ്ങ, തെങ്ങര, എൻഡോസൾഫാൻ, വിരുദ്ധ സമരം, പ്ലാച്ചിമച തുടങ്ങിയ ഉജ്വലമായ ജനകീയ സമരങ്ങളുമായി അഹാഡ്സ് അടച്ചുപൂട്ടുന്നതിനെതിരായ സമരത്തിന് രക്തബന്ധുത്വം പ്രഖ്യപിക്കുന്നു. അഹാഡ്സ് ആട്ടിൻ തോലണിഞ്ഞ ചെന്നായയാണ്. കേരളീയ സമൂഹത്തിന് ബോധ്യപ്പെട്ട കാര്യമാണത്. യഥാർത്ഥ ജനകീയ സമരങ്ങളുടെ ലേബലിൽ മുതലെടുപ്പി നടത്താമെന്ന വ്യാമോഹം വെറുതെയാണ്. ആത്മാർത്ഥയുണ്ടെങ്കിൽ അഹാഡ്സ് പദ്ധതിയുടെ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് പരസ്യപ്പെടുത്തുകയും അട്ടപ്പാടി പദ്ധതിയെ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കുകയുമാണ് അഹാഡ്സ് ചെയ്യേണ്ടത്.

**വി. ജയപ്രകാശ്, വയനാട്**


**കേരളീയം വരിസംഖ്യ**
**240 രൂപ അയയ്ക്കുമല്ലോ...**

**അറിയിപ്പുകൾ അഭിപ്രായങ്ങൾ**
എഴുതുക/വിളിക്കുക/അയക്കുക

**കേരളീയം, കൊക്കാലെ, തൃശൂർ-21**
ഫോൺ : 0487-2421385,9446576943


**അടുത്തലക്കത്തിൽ**

**ഹൈസ് സ്പീഡ് റെയിൽ കോറിഡോർ**
- പി. കൃഷ്ണകുർ

**കോടതികളും ആണവ നിലയങ്ങളും**
- കെ. സഹദേവൻ

**മഴയും പുഴയും മെലിയുമ്പോൾ ജലവൈദ്യുത പദ്ധതികൾ**
- ധർമ്മരാജ്